പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 741** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>ഒല്ലൂർ മണ്ഡലത്തിലെ പട്ടികജാതി കുടുംബങ്ങൾക്ക് ഭവനസഹായം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. രാജൻ

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ
വകുപ്പ് മന്ത്രി)

**(എ)** ഒല്ലൂർ നിയോജകമണ്ഡലത്തിൽ ഭവനരഹിതരും വാസയോഗ്യമായ വീടില്ലാത്തവരുമായ എത്ര പട്ടികജാതി കുടുംബങ്ങൾ നിലവിലുണ്ടെന്ന പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

**<u>മറുപടി:</u>**

| പഞ്ചായത്ത് | എണ്ണം |
|---|---|
| നടത്തറ | 58 |
| മാടക്കത്തറ | 26 |
| പുത്തൂർ | 141 |
| പാണഞ്ചേരി | 100 |
| തൃശ്ശൂർ കോർപ്പറേഷൻ | 22 |

**(ബി)** ഭവനസഹായത്തിന് അപേക്ഷിച്ചിട്ടും സാമ്പത്തിക സഹായം ലഭിക്കാത്ത കുടുംബങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അവർക്കുള്ള സഹായം അനുവദിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

**<u>മറുപടി:</u>** സംസ്ഥാനത്തെ പട്ടികജാത വിഭാഗക്കാരുടെ ഭവന നിർമ്മാണം ലൈഫ് മിഷൻ മുഖേനയാണ് നടപ്പിലാക്കി വന്നിരുന്നത്. ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് പൂർണ്ണമായും ധനസഹായം അനുവദിക്കാൻ കഴിഞ്ഞിട്ടില്ല. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭാവനരഹിത കുടുംബങ്ങൾക്കും വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്ന കുടുംബങ്ങൾക്കും സ്വന്തമായി സുരക്ഷിതമായ ഭവനം ഉറപ്പാക്കുന്നതിനുള്ള പട്ടികജാതി വികസന വകുപ്പിന്റെ തനത് ഭവന പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ച് സ.ഉ(കൈ)നം. 36/2026/പജപവവിവ തീയതി. 07/10/2026 പ്രകാരം ഉത്തരവായിട്ടുണ്ട്.

**(സി)** ഭവനസഹായത്തിന് അപേക്ഷിച്ചിട്ടും സാമ്പത്തിക സഹായം ലഭിക്കാത്ത കുടുംബങ്ങളുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; വിശദമാക്കുമോ;

**<u>മറുപടി:</u>**

| പഞ്ചായത്ത് | എണ്ണം |
|---|---|
| നടത്തറ | 12 |
| മാടക്കത്തറ | 10 |
| പുത്തൂർ | 46 |
| പാണഞ്ചേരി | 26 |

**(ഡി)** അർഹരായ മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും ഭവനസഹായം ലഭ്യമാക്കുന്നതിനും പൂർത്തിയാകാത്ത വീടുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>മറുപടി:</u>** അർഹരായ പട്ടികജാതി കുടുംബങ്ങൾക്ക് സുരക്ഷിതമായ ഭവനം ഉറപ്പാക്കുന്നതിനുള്ള പട്ടികജാതി വികസന വകുപ്പിന്റെ തനത് ഭവന പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ച് സ.ഉ(കൈ) നം. 36/2026/പജപവവിവ തീയതി. 07/10/2026 പ്രകാരം ഉത്തരവായിട്ടുണ്ട്. പട്ടികജാതി വിഭാഗക്കാരുടെ നിർമ്മാണം പൂർത്തിയാകാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനായി ഗുണഭോക്താക്കൾക്ക് 2 ലക്ഷം രൂപ വീതം അനുവദിക്കുന്ന സേഫ് പദ്ധതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. നടപ്പ് വർഷം ടി പദ്ധതി നടപ്പിലാക്കുന്നതിനു അപേക്ഷ ക്ഷണിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**